# ദൽഹി

എം. മുകുന്ദൻ



1943-ൽ പള്ളൂർ എന്ന ചെറിയ പട്ടണത്തിൽ ജനിച്ച രാമുണ്ണിമാസ്റ്ററുടെ മകൻ അരവിന്ദൻ സർട്ടിഫിക്കറ്റുകളും ഡിപ്ലോമയും 'മൃഗ'ത്തിനു കിട്ടിയ പ്രശംസാപത്രവുമെല്ലാമെടുത്ത് 1965-ൽ ദൽഹിയിലേക്ക് വണ്ടികയറി. ഗ്രിമിയെ സായ്‌വ് കനിഞ്ഞു നല്കിയ ജോലിയുപേക്ഷിച്ച് ബിഥോവന്റെ സെവൻത് സിംഫണിയും മൊസാർട്ടിന്റെ സംഗീതവും കാൻവാസിൽ പകർത്താൻ വെമ്പി. ആ വെമ്പലിനിടയിൽ അരവിന്ദൻ സ്വയം ഒരു സിംഫണിയായി മാറുകയായിരുന്നു... ചോര വാർന്നൊഴുകുന്ന മനസ്സുമായി ജന്മാന്തരങ്ങളിലൂടെ അലഞ്ഞുതിരിയാൻ വിധിക്കപ്പെട്ട ഇന്ത്യൻ യുവത്വത്തിന്റെ കഥ അപൂർവ്വഭംഗിയോടെ ആവിഷ്കരിക്കുന്ന ശക്തമായ നോവൽ

കവർ ഡിസൈനർ സുരേഷ് തോമസ്

ഡിസി ബുക്സ്

www.dcbooks.com

ISBN 81-713-0048-0

9 788171 300488 00018

നോവൽ

E-book available

₹ 180

എം. മുകുന്ദൻ • ദൽഹി

# ദൽഹി

എം. മുകുന്ദൻ



8M3 MUK/D
CASMTVK
1334

Library TVK
1 3 3 4
/D

8M3 MUK/D
CASMTVK
1 3 3 4

ദൽഹി

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1334 Call No. 1334

This book should be returned on or before the date last given below.

| | | |
|---|---|---|
| 9 FEB 2022 | | |
| 9 FEB 2022 | | |

**എം. മുകുന്ദൻ**

1942-ൽ ഫ്രഞ്ചധീനപ്രദേശമായ മയ്യഴിയിൽ ജനിച്ചു. 1961-ൽ ആദ്യകഥ വെളിച്ചം കണ്ടു. *ഈ ലോകം അതിലൊരു മനുഷ്യൻ* കേരള സാഹിത്യ അക്കാദമി അവാർഡും *മയ്യഴിപ്പുഴയുടെ തീരങ്ങളിൽ* എം.പി. പോൾ അവാർഡും മുട്ടത്തു വർക്കി അവാർഡും *ദൈവത്തിന്റെ വികൃതികൾ* സാഹിത്യ അക്കാദമി അവാർഡും എൻ.വി. പുരസ്കാരവും സാഹിത്യരംഗത്തെ സംഭാവനകളെ മുൻനിർത്തി ഫ്രഞ്ച് ഗവൺമെന്റിന്റെ ഷെവലിയർ അവാർഡും (1998) നേടി. *കേശവന്റെ വിലാപങ്ങൾ* 2003-ലെ വയലാർ അവാർഡിന് അർഹമായി. ദൽഹിയിൽ ഫ്രഞ്ച് എംബസിയിൽ ഉദ്യോഗസ്ഥനായിരുന്നു. കേരള സാഹിത്യ അക്കാദമി പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്.

**എം. മുകുന്ദന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

*നോവൽ*

ആകാശത്തിനു ചുവട്ടിൽ
ആദിത്യനും രാധയും മറ്റു ചിലരും
ആവിലായിലെ സൂര്യോദയം
ഒരു ദളിത് യുവതിയുടെ കദനകഥ
കിളി വന്നു വിളിച്ചപ്പോൾ
കേശവന്റെ വിലാപങ്ങൾ
ദൽഹി
ദൈവത്തിന്റെ വികൃതികൾ
നഗ്നനായ തമ്പുരാൻ
നൃത്തം
പ്രവാസം
മയ്യഴിപ്പുഴയുടെ തീരങ്ങളിൽ
രാവും പകലും
സാവിത്രിയുടെ അരഞ്ഞാണം
സീത
ഹരിദ്വാരിൽ മണികൾ മുഴങ്ങുന്നു
റഷ്യ
ദൽഹി ഗാഥകൾ
കുട നന്നാക്കുന്ന ചോയി

*കഥകൾ*

എന്റെ പ്രിയപ്പെട്ട കഥകൾ
കണ്ണാടിയുടെ കാഴ്ച
കള്ളനും പോലീസും
കൈക്കുമ്പിളിലെ വെള്ളം
തട്ടാത്തിപ്പെണ്ണിന്റെ കല്യാണം
തേവിടിശ്ശിക്കിളി
പാവാടയും ബിക്കിനിയും
മുകുന്ദന്റെ കഥകൾ
ശൂന്യതാകാണ്ഡം
മുകുന്ദന്റെ കഥകൾ സമ്പൂർണം
ദിനോസറുകളുടെ കാലം
ഓട്ടോറിക്ഷക്കാരന്റെ ഭാര്യ

*നാടകം*

ഇരുട്ട്

**എം. മുകുന്ദൻ**

# ദൽഹി

ഡി സി ബുക്സ്

MALAYALAM LANGUAGE
Delhi

NOVEL
*by* M. Mukundan

Rights Reserved
First Published 1969 by Current Books
First DCB Edition December 1984
This Edition – December 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Mukundan, M.
Delhi/ M. Mukundan.
200p., 21cm.
ISBN 81-713-0048-0.
1. Malayalam novel. I. Title.
8M3* -dc22.
*(This is local variation of DDC Number for Malayalam literature: Delhi).

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-713-0048-0

Printed in India
at D C Press, Kottayam, INDIA

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹180.00

795/16-17-Sl.No. 16048-dcb 755-(18) 2000-3701-12-16-Itc. 17.0-p sc-r(t) sh-d (t) ga

# 1

# ചുരുണ്ടുകിടക്കുന്ന നഗരം

1943–ൽ പള്ളൂർ എന്ന ഒരു ചെറിയ പട്ടണത്തിൽ അരവിന്ദൻ ജനിച്ചു. അച്ഛൻ രാമുണ്ണിമേനവൻ അദ്ധ്യാപകനാണ്. അമ്മ നാരായണിയമ്മ കഥകളി വിദഗ്ദ്ധനായ ഒരു കാരണവരുടെ ഏക മകളാണ്.

ലബൂർദനെ കോളേജിൽനിന്ന് ഒന്നാം ക്ളാസ്സിൽ മട്രിക്കുലേഷൻ പാസ്സായി.

ബ്രണ്ണൻ കോളേജിൽ ബി. എ.യ്ക്ക്(രാഷ്ട്രമീമാംസ) പഠിച്ചു കൊണ്ടിരിക്കുമ്പോൾ വിദ്യാർത്ഥി ഫെഡറേഷനിൽ പ്രവർത്തിക്കുകയും തുടർന്ന് റീജിയനൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1961–ൽ കോളേജിൽ നടന്ന ക്ളാസ് ബഹിഷ്കരണത്തിൽ പങ്കെടുത്തു. ഇംഗ്ലിഷ് ലക്ചററെ കൈയേറ്റം ചെയ്തുവെന്നും ലൈബ്രറിക്കു തീവെക്കാൻ ശ്രമിച്ചുവെന്നും ആരോപിക്കപ്പെടുകയും കോളേജിൽനിന്നു പുറത്താക്കപ്പെടുകയുംചെയ്തു.

രാമുണ്ണിമേനവന്റെ മൂത്ത മകനായ ദാസൻ 1962–ൽ തൊണ്ടയിൽ അർബുദം വന്നു മരിച്ചു.

പാട്രീസ് ലുമുംബയുടെ വധത്തിൽ പ്രതിഷേധിച്ച് ഒരു യോഗം വിളിച്ചുകൂട്ടുകയും അതിൽ പ്രസംഗിക്കുകയും ചെയ്തു.

പെയിന്റിങ്ങിൽ ഒരു ഡിപ്ലോമ വാങ്ങുകയും എറണാകുളത്തു നടന്ന ഒരു ചിത്രപ്രദർശനത്തിൽ 'മൃഗം' എന്ന എണ്ണച്ചായ ചിത്രത്തിനു സമ്മാനം ലഭിക്കുകയുംചെയ്തു.

1965–ൽ ദൽഹിയിലേക്കു വണ്ടി കയറി.

വണ്ടി ന്യൂദൽഹി സ്റ്റേഷനിൽ വന്നു നിന്നു.

പ്ലാറ്റ്ഫോം നനഞ്ഞിരുന്നു. സ്റ്റേഷൻ നനഞ്ഞിരുന്നു. ദൽഹി നനഞ്ഞിരുന്നു. ഭൂമിയും ആകാശവും നനഞ്ഞിരുന്നു.

വണ്ടിയുടെ മുതുകിലൂടെ മഴവെള്ളം ഒലിച്ചു വീണുകൊണ്ടിരുന്നു. പ്ലാറ്റ്ഫോമിലെ തൂണുകളിലൂടെയും ഭിത്തികളിലൂടെയും വെള്ളം പാമ്പുകളെപ്പോലെ ഇഴഞ്ഞിറങ്ങി. റെയിൽപ്പാളങ്ങൾ മഴത്തുള്ളികൾ അണിഞ്ഞുകിടന്നു.

മഴയുടെ ഗന്ധമുണ്ടായിരുന്നു എങ്ങും. കൽക്കരിപ്പുകയുടേയും.

ആകാശത്തുനിന്ന് മഴ ഭൂമിയിലേക്കു പതിച്ചു. ഭൂമിയിൽനിന്നു കരിപ്പുക ആകാശത്തിലേക്കു കുതിച്ചു.

കത്തിയെരിയുന്ന കരിയുടെ ചൂടും തുരുതുരെ വീഴുന്ന മഴയുടെ തണുപ്പും ഇണചേർന്നു.